# കോളേജ് വിദ്യാഭ്യാസ വകുപ്പ്
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അറ്റൻഡറുടെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നം: സി 4/1937/2018/കോ.വി.വ — തീയതി: 15/10/2018

---

പരാമർശം:- 1) എൽ.ജി.എസ്. ജീവനക്കാരുടെ 08/09/2018 -ലെ സി 4/20099/18 നമ്പർ *സീനിയോറിറ്റി ലിസ്റ്റ്.*

2) അറ്റൻഡർമാരുടെ അപേക്ഷ.

3) ഈ ഓഫീസിലെ 29/09/2018 -ലെ സി 4/18758/18/കോ.വി.വ. നം. ഉത്തരവ്.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ ജോലി ചെയ്തുവരുന്ന അറ്റൻഡർമാരുടെ/ ഓഫീസ് അറ്റൻഡന്റ്മാരുടെ സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ച് താഴെ പറയുന്ന അറ്റൻഡർമാരെ/ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ സ്ഥലം മാറ്റം നൽകി/തസ്തികമാറ്റം വഴി പ്രൊമോഷൻ നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്, തസ്തിക ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം | സ്ഥലം മാറ്റി/സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ. അജിത് ചന്ദ്രൻ<br>അറ്റൻഡർ<br>ഗവൺമെന്റ് കോളേജ്, ചിറ്റൂർ | സ്ഥലംമാറ്റം | ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം ശ്രീ. രാജേന്ദ്രൻ ബി അറ്റൻഡറിന് ടൈപ്പിസ്റ്റ് ആയി തസ്തികമാറ്റം വഴി പ്രൊമോഷൻ നൽകിയ ഒഴിവിൽ |
| 2 | ബിൻസി ജേക്കബ്<br>ഓഫീസ് അറ്റൻഡന്റ്<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ് കൊല്ലം<br>(സൂചന (1) പ്രകാരം പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. 76) | തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം | തസ്തികമാറ്റം വഴി അറ്റൻഡർ ആയി സ്ഥാനക്കയറ്റം നൽകി 17500 - 39500 രൂപ ശമ്പള സ്കെയിലിൽ ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ശ്രീ. അജിത്ത് ചന്ദ്രൻ -ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ |

GOVERNMENT OF KERALA 2017-18

ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി 14 ദിവസത്തിനകം സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
രമേഷ് റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
3. സി 3/സി 8 സീറ്റുകൾ
4. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

YT 11/10/18